ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ആദ്യം നമ്മൾ തീരുമാനിച്ചപ്പോൾ 2 രൂപയുടെ അരി വാങ്ങുന്നവരുടെ കൂട്ടത്തിൽ ഏതാണ്ട് 13-15 ലക്ഷം കുടുംബങ്ങളാണ് ഉണ്ടായിരുന്നത്. പിന്നെ അത് പടിപടിയായി വർദ്ധിപ്പിച്ചു. ഇപ്പോൾ കേരളത്തിലെ എല്ലാ വിഭാഗത്തിൽപ്പെട്ട തൊഴിലാളികളുമുള്ള 40 ലക്ഷം കുടുംബങ്ങൾക്ക് 2 രൂപയ്ക്ക് അരി നൽകിവരുന്നു. ഇപ്പോൾ അത് ഒന്നുകൂടി വർദ്ധിപ്പിച്ച് എല്ലാവർക്കും 2 രൂപയ്ക്ക് അരി കൊടുക്കാൻ തീരുമാനിച്ചിരിക്കുകയാണ്. മാസം 30 കോടി രൂപ എന്നുപറഞ്ഞാൽ 360 കോടി രൂപയുടെ അധിക ബാദ്ധ്യത സംസ്ഥാന സർക്കാർ ഏറ്റെടുക്കാൻ തീരുമാനിച്ച് ഈ മാർച്ച് മാസം മുതൽ എല്ലാവർക്കും 2 രൂപയ്ക്ക് അരി കൊടുക്കുന്ന പദ്ധതി നടപ്പാക്കുന്നതാണ്.

യൂത്ത് ക്ലബ്ബുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി

2 (*302) ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. സി. എച്ച്. കുഞ്ഞമ്പു :
ശ്രീ. കെ. ടി. ജലീൽ :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവജനങ്ങളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ;

(ബി) സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സഹായിക്കുന്ന എന്തെങ്കിലും പരിശീലന പരിപാടികൾ ബോർഡ് നടത്തുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) ബോർഡിന്റെ ആഭിമുഖ്യത്തിൽ തൊഴിൽമേളകൾ സംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) യൂത്ത് ക്ലബ്ബുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. വി. സുരേന്ദ്രൻ പിള്ള) : സർ,

(എ & ബി) തൊഴിലില്ലായ്മ പരിഹരിക്കുന്നതിനായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് പഞ്ചായത്ത് യൂത്ത് സെന്ററുകൾ മുഖേന യുവാക്കൾക്ക് വിവിധ മേഖലകളിൽ തൊഴിൽ പരിശീലനം നൽകുന്നു. ഇതിനു വേണ്ടി എല്ലാ പഞ്ചായത്തിലും യൂത്ത് കോ-ഓർഡിനേറ്റർമാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ സ്വയം തൊഴിൽ പരിശീലനത്തിനായി യുവജന ക്ലബ്ബുകൾക്ക് ധനസഹായം നൽകുന്നുണ്ട്. കോർപ്പറേറ്റ് സ്വകാര്യ മേഖലകളിലെ ജോലി സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് ജോബ് ഫെസ്റ്റ് എന്ന പേരിൽ തൊഴിൽമേളകൾ സംഘടിപ്പിക്കുന്നുണ്ട്. വെബ്സൈറ്റ്വഴി ജോബ് രജിസ്ട്രേഷൻ, ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് സൗകര്യം, ഇൻഫർമേഷൻ സെന്റർ, ഇന്റർനെറ്റ് സൗകര്യം എന്നിവ യുവജനങ്ങൾക്ക് പ്രയോജനപ്പെടത്തക്ക രീതിയിൽ ജാലകം എന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

Page 2 of 10

(സി) സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ തൊഴിൽ മേളകൾ സംഘടിപ്പിക്കുന്നുണ്ട്.

(ഡി) യൂത്ത് ക്ലബ്ബുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വയം തൊഴിൽ പരിശീലനം, ബോധവൽക്കരണം, കാർഷിക വികസന പദ്ധതികൾ എന്നിവയ്ക്ക് യുവജനക്ഷേമ ബോർഡുവഴി ധനസഹായം നൽകിവരുന്നു. കൂടാതെ, സാമൂഹ്യ സേവന രംഗത്ത് മികവ് പ്രകടിപ്പിക്കുന്ന സംഘടനകൾക്ക് വർഷംതോറും യൂത്ത് അവാർഡുകൾ നൽകിവരുന്നു. യുവാക്കളിൽ സാഹസികത വളർത്തുക എന്ന ലക്ഷ്യത്തോടുകൂടി യുവജനക്ഷേമബോർഡ് കേരളത്തിലെ വിവിധ ജില്ലകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട യൂത്ത് ക്ലബ്ബുകൾക്ക് സാഹസിക പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനായി ധനസഹായം നൽകിവരുന്നു. വനിതകളുടെ ക്ഷേമവും ഉന്നമനവും ലക്ഷ്യമിട്ട് വനിതാ യൂത്ത് ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. ഇവയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിനും തൊഴിൽ മേഖലകൾ പരിചയപ്പെടുത്തുന്നതിനുമായി സ്വയംതൊഴിൽ പരിശീലന സെമിനാറുകൾ സംഘടിപ്പിക്കുന്നതിനും ധനസഹായം നൽകിവരുന്നു.

ശ്രീ. മുരളി പെരുനെല്ലി: സർ, നമ്മുടെ സംസ്ഥാനത്ത് യുവജന ക്ഷേമത്തിന് ഒരു വകുപ്പുണ്ടെന്ന തോന്നൽ യുവജനങ്ങൾക്കിടയിൽ ആദ്യമായി ഉണ്ടായത് ഈ സർക്കാരിന്റെ കാലഘട്ടത്തിലാണ്. കാർഷിക വൃത്തിയിൽ നിന്ന് നമ്മുടെ യുവജനങ്ങൾ അകന്ന് പൊയ്ക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ കാർഷിക മേഖലയിലെ തൊഴിലവസരങ്ങൾ ശാസ്ത്രീയമായി വികസിപ്പിക്കാനും ഈ രംഗത്ത് യുവാക്കളുടെ കർമ്മശേഷി പ്രയോജനപ്പെടുത്താനും അതിന് കഴിയുന്ന വിധത്തിൽ പദ്ധതി ആസൂത്രണം ചെയ്യാനും യൂത്ത് സെന്ററുകൾ മുഖേന കാർഷിക വൃത്തിയുടെ മഹത്വം വെളിവാക്കാൻ കഴിയത്തക്ക നിലയിലേക്കുള്ള ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കാൻ തയ്യാറാകുമോ ?

ശ്രീ. വി. സുരേന്ദ്രൻ പിള്ള: സർ, അതിന് യൂത്ത് വെൽഫെയർ ബോർഡ് പ്രത്യേകമായി ചില പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.. കാർഷിക മേഖലയ്ക്ക് നല്ല മുൻതൂക്കം കൊടുത്തുകൊണ്ട് ചെറുപ്പക്കാരായ യുവാക്കളും യുവതികളും വഴിതെറ്റാതിരിക്കാൻ സ്വന്തമായി ഒരു തൊഴിൽ ലഭിക്കുന്നതിനു മുൻപ് കാർഷിക മേഖലയിൽ അവർക്ക് എന്തെങ്കിലും ചെയ്യാൻ കഴിയുമെങ്കിൽ അവരുടെ കഴിവുകൾ ഉപയോഗിച്ച് ചെയ്യാൻ വേണ്ടിയുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുന്നതാണ്.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, ഇന്ന് ഉല്പാദന മേഖലയിൽ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം ആവശ്യത്തിന് തൊഴിലാളികളെ കിട്ടാനില്ല എന്നുള്ളതാണ്. ഇത് പരിഹരിക്കണമെങ്കിൽ നമുക്ക് എല്ലാ പഞ്ചായത്തുകളിലും ഓരോ ലേബർ ബാങ്കുകൾ വേണം. ചെറിയ ചെറിയ ജോലികൾക്കുപോലും ആളെ കിട്ടാനില്ല. ലേബർ ബാങ്കുകൾ ഉണ്ടെങ്കിൽ ഈ പ്രശ്നത്തിന് പരിഹാരമാകും. ഇതിനുവേണ്ടി യൂത്ത് ക്ലബ്ബിനെ ഉപയോഗിക്കാൻ തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

Page 3 of 10

ശ്രീ. വി. സുരേന്ദ്രൻ പിള്ള : സർ, വിവിധ ഉദ്ദേശ്യങ്ങളോടുകൂടിയാണ് പഞ്ചായത്ത് തലത്തിൽ യുവകർമ്മസേന സംഘടിപ്പിച്ചിരിക്കുന്നത്. അതിനകത്ത് എല്ലാ തരത്തിലുള്ള പ്രവർത്തനങ്ങളും ഏറ്റെടുക്കാൻ കഴിവുള്ള യുവാക്കളേയും യുവതികളേയുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

ശ്രീ. കെ. ടി. ജലീൽ : സർ, വിവരസാങ്കേതിക വിദ്യയാണ് വർത്തമാന തലമുറ തൊഴിലവസരത്തിനുവേണ്ടി ഏറ്റവും കൂടുതൽ തെരഞ്ഞെടുത്തു കൊണ്ടിരിക്കുന്നത്. യുവജനക്ഷേമ ബോർഡിലും നെഹ്റു യുവ കേന്ദ്രത്തിലും രജിസ്ട്രേഷനുള്ള സ്വന്തമായി കെട്ടിടമുള്ള യുവജന ക്ലബ്ബുകൾക്ക് നെറ്റ് സൗകര്യത്തോടുകൂടിയുള്ള ലാപ്ടോപ്പും എൽ.സി.ഡി.-യും എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് നൽകാൻ ഇന്ന് പ്രതിബന്ധങ്ങൾ നിലനിൽക്കുന്നുണ്ട്. ഈ പ്രതിബന്ധം നീക്കി യുവജന ക്ലബ്ബുകൾക്ക് എം.എൽ.എ. ഫണ്ട് ഉപയോഗിച്ചു കൊണ്ട് ഈ സൗകര്യങ്ങൾ നൽകാൻ അങ്ങ് മുൻകൈ എടുക്കുമോ ?

ശ്രീ. വി. സുരേന്ദ്രൻ പിള്ള : സർ, നമ്മുടെ യുവാക്കൾ വഴിതെറ്റാതിരിക്കാനും അവർക്ക് പൂർണ്ണമായി തൊഴിൽ ലഭിക്കുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനുംവേണ്ടിയുള്ള പദ്ധതികളാണ് പ്രധാനമായിട്ടും ആവിഷ്ക്കരിക്കുന്നത്. യുവാക്കൾക്ക് അവിടെ ഇ-എംപ്ലോയിമെന്റ് സൗകര്യം ഉൾപ്പെടെയുള്ള തൊഴിൽ ലഭിക്കുന്നതിന് അനുബന്ധമായി ചെയ്യാൻ കഴിയുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക എന്നതാണ് ജാലകം പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. ജോബ് ഫെയറുകളും മറ്റ് പല മേളകളും സംഘടിപ്പിക്കുന്നതോടൊപ്പം എം.എൽ.എ. ഫണ്ട് വിനിയോഗിക്കുന്ന കാര്യമാണ് ബഹുമാനപ്പെട്ട അംഗം ചോദിച്ചത് ; എം.എൽ.എ. ഫണ്ട് വിനിയോഗിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്.

ശ്രീ. എസ്. രാജേന്ദ്രൻ : സർ, കേരള സമൂഹത്തിൽ മദ്യപാനം കൂടി വരികയും കൃഷി തുടങ്ങിയ മേഖലകളിൽ ജോലി എടുക്കാനുള്ള താല്പര്യം കുറഞ്ഞുവരികയുമാണ്. ഇന്ന് എങ്ങനെയെങ്കിലും ജീവിച്ചാൽ മതിയെന്നുള്ള സാഹചര്യത്തിലേക്ക് നീങ്ങുകയാണ്. യുവജന രംഗത്ത് കുറ്റമറ്റ, ചിട്ടയായ ജീവിതം ഉണ്ടെങ്കിൽ മാത്രമേ നന്നാവുകയുള്ളു എന്ന് ചരിത്രം പറയുന്നുണ്ട്. കേരള പോലീസ്, സമൂഹത്തിൽ ചില നടപടിക്രമങ്ങൾ തുടങ്ങിയിട്ടുണ്ട് ഇന്ന്, സ്റ്റുഡന്റ് പോലീസ്, ജനമൈത്രി പോലീസ്, കമ്മ്യൂണിറ്റി പോലീസ് തുടങ്ങിയവ ഉള്ളതുപോലെ ആശയപരമായി യുവജനരംഗത്തുള്ളവരെ ആകർഷിക്കുവാനും കൃത്യമായിട്ടുള്ള ജീവിത ശൈലി ഉണ്ടാക്കുവാനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ശ്രീ. വി. സുരേന്ദ്രൻ പിള്ള : സർ, യുവാക്കളിലും യുവതികളിലും രാഷ്ട്രബോധം വളർത്തുവാൻ അവരെ സന്മാർഗ്ഗമായ രീതിയിലേക്ക് അവരുടെ പ്രവർത്തനങ്ങളെ നയിച്ച് വിടുക, അവർക്ക് സമൂഹത്തിൽ ബുദ്ധിമുട്ടില്ലാത്ത പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക, അതുപോലെ തന്നെ രാജ്യത്ത് മറ്റെന്തെങ്കിലും പ്രയാസകരമായ ഡിസാസ്റ്റർ ഉൾപ്പെടെയുള്ള പ്രശ്നം വരുമ്പോൾ അതിനകത്ത് സഹകരിക്കുക, ഇതിനെല്ലാം ഒരു വലിയ മുൻതൂക്കം കൊടുത്തുകൊണ്ടാണ് ഒരു പഞ്ചായത്തിൽ 50 പേർ വീതമുള്ള യുവകർമ്മ സേനയ്ക്ക് രൂപം

LIBRARY ARCHIVES Kerala Legislative Assembly

Page 4 of 10

കൊടുത്തിരിക്കുന്നത്. 50 പേരെ തെരഞ്ഞെടുക്കുന്നത് ഗവൺമെന്റല്ല. അതാത് പഞ്ചായത്ത് ഭരണ സമിതിയാണ്. ആരാണോ അവിടെ ഭരിക്കുന്നത് ആ പഞ്ചായത്ത് ഭരണ സമിതിക്ക് ഇക്കാര്യത്തിൽ പൂർണ്ണ അധികാരമാണ് നൽകിയിട്ടുള്ളത്. യുവാക്കളേയും യുവതികളേയും റിക്രൂട്ട് ചെയ്ത് ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയാണ് യൂത്ത് വെൽഫെയർ ബോർഡ് ചെയ്യുന്നത്.

ശ്രീ. വി. എം. എ. സലാം : സർ, നമ്മുടെ യുവജനങ്ങളുടെ കാര്യശേഷി വർദ്ധിപ്പിക്കാനും സമൂഹത്തിന്റെ വളർച്ചയ്ക്ക് അവരെ ഫലപ്രദമായി ഉപയോഗപ്പെടുത്താനുമാണ് യുവജനക്ഷേമ ബോർഡ് കൊണ്ട് ഉദ്ദേശിക്കപ്പെടുന്നത്. കേരളത്തെ ഏറ്റവും അധികം വേദനിപ്പിച്ച ഡിസാസ്റ്ററുകൾ (ദുരന്തങ്ങൾ) ഇവിടെ ഉണ്ടായിട്ടുണ്ട്. ഡിസാസ്റ്റർ മാനേജ്മെന്റ്, ഫസ്റ്റ് എയ്ഡ് തുടങ്ങിയ മേഖലകളിൽ യുവജനങ്ങളുടെ സേവനം ഫലപ്രദമായി പ്രയോജനപ്പെടുത്താൻ യുവജനക്ഷേമ ബോർഡ് എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കുമോ ?

ശ്രീ. വി. സുരേന്ദ്രൻ പിള്ള : സർ, അതാണ് ഞാൻ ആദ്യം സൂചിപ്പിച്ചത് ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ എല്ലാവരും സ്തബ്ധരായി നിൽക്കുകയാണ്, എന്താണ് ചെയ്യേണ്ടത് എന്നതിന് ഒരു രൂപവുമില്ല, ലക്ഷ്യവുമില്ല ; പലപ്പോഴും അങ്ങനെ ഒരു സ്ഥിതിയുണ്ട്. അതുകഴിഞ്ഞിട്ടേ ഇക്കാര്യങ്ങളിൽ എന്തെങ്കിലും തീരുമാനമെടുത്ത് ഒറ്റക്കെട്ടായി മുന്നോട്ട് നീങ്ങാറുള്ളൂ. സമൂഹത്തിലുണ്ടാകുന്ന ഏത് തരം ദുരന്തങ്ങളും എല്ലാ തരത്തിലുമുള്ള പ്രതിസന്ധികളും പ്രയാസങ്ങളും അനായാസം തരണം ചെയ്യുന്നതിനുവേണ്ടിയാണ് യുവകർമ്മ സേനയ്ക്ക് രൂപം കൊടുത്തിട്ടുള്ളത്. അതിന് ബഡ്ജറ്റിൽ വലിയ പ്രാധാന്യമാണ് വന്നിട്ടുള്ളത്. നമ്മുടെ സംസ്ഥാനത്തെ പഞ്ചായത്തുകളിലെല്ലാം അത് യാഥാർത്ഥ്യമാകുമ്പോൾ തീർച്ചയായിട്ടും നമുക്ക് വലിയ മാറ്റങ്ങൾ ഉണ്ടാക്കിയെടുക്കാൻ സാധിക്കും.

ശ്രീ. സാജു പോൾ : സർ, ഇന്ന് നമ്മുടെ നാട്ടിലെ യുവജന സംഘടനകളും കലാസാംസ്ക്കാരിക പ്രസ്ഥാനങ്ങളും രജിസ്റ്റർ ചെയ്യുന്നത് തിരുവിതാംകൂർ-കൊച്ചിൻ ലിറ്റററി ആന്റ് സയന്റിഫിക് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരമാണ്. 1955-ലെ ആ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യുന്ന സ്ഥാപനങ്ങളുടെ അഫിലിയേഷനോ മറ്റ് കാര്യങ്ങൾക്കോ ഇന്ന് വ്യവസ്ഥാപിതമായ ഒരു സംവിധാനമില്ല. അതുകൊണ്ട് ഗ്രന്ഥശാലാസംഘം പോലെ ഇത്തരം സംഘടനകൾക്ക് അഫിലിയേഷൻ നൽകാനും പ്രവർത്തിക്കാനുള്ള ഗ്രാന്റും മറ്റ് സഹായങ്ങളും ലഭ്യമാക്കാനും വ്യവസ്ഥാപിതമായ ഒരു സംവിധാനം ഏർപ്പെടുത്താൻ സർക്കാർ തയ്യാറാകുമോ ?

ശ്രീ. വി. സുരേന്ദ്രൻ പിള്ള : സർ, ഇന്ന് വ്യവസ്ഥാപിതമായ ഒരു ഘടന അനുസരിച്ചാണ് അത് പ്രവർത്തിക്കുന്നത്. 15-നും 30-നും മധ്യേ പ്രായമുള്ള യുവതീ-യുവാക്കളായിരിക്കണം ആ സംഘടനയിലുള്ളത്. യുവജന കായിക സാമൂഹ്യ രംഗങ്ങളിൽ പ്രവർത്തിക്കാൻ താല്പര്യമുള്ളവരായിരിക്കണം. അതുപോലെ യൂത്ത് ക്ലബ്ബുകൾ അതാത് ജില്ലാ യൂത്ത് സെന്ററുകളുമായി സഹകരിച്ച് പ്രവർത്തിക്കണം; അങ്ങനെയുള്ള ചില നിബന്ധനകൾ വച്ചിട്ടുണ്ട്, ആ നിബന്ധനകൾക്ക് അനുസരിച്ച് കിട്ടുന്ന അപേക്ഷകളാണ് രജിസ്റ്റർ ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

Page 5 of 10

അവർക്ക് തന്നെ ക്ലബ്ബിന്റെ പ്രവർത്തനത്തിൽ ചില മാറ്റങ്ങൾ വരുത്താനുള്ള അവകാശവും അധികാരവുമുണ്ട്. ആ ക്ലബ്ബുകൾക്ക് തന്നെ ആ മാറ്റങ്ങൾ ഉണ്ടാക്കി ഘടനയിൽ മാറ്റം വരുത്താവുന്നതാണ്.

ശ്രീ. എ. പി. അനിൽ കുമാർ : സർ, അങ്ങേയ്ക്കറിയാം, അഭ്യസ്തവിദ്യരായ വളരെയധികം ചെറുപ്പക്കാർ ഉള്ള സംസ്ഥാനമായ കേരളത്തിൽ യുവജനക്ഷേമ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടത് അത്യാവശ്യമാണ്. പക്ഷേ നമുക്ക് ബഡ്ജറ്റ് വിഹിതം ഇന്ന് വളരെ പരിമിതമാണ്, 10 കോടിക്ക് താഴെയാണുള്ളത്. ആ ഒരു സാഹചര്യം വച്ചുകൊണ്ട് കഴിഞ്ഞ കാലങ്ങളിലൊക്കെത്തന്നെ യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ പൂർണ്ണമായ തലങ്ങളിൽ കേരളത്തിലെ യുവാക്കളിലേയ്ക്ക് എത്തിക്കുവാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ഏറ്റവും പ്രധാനമായി ഇവിടെ സൂചിപ്പിച്ചതുപോലെ നമ്മുടെ എൻ.വൈ.കെ. (നെഹറു യുവജന കേന്ദ്ര) ക്ലബ്ബുകൾക്ക് കെട്ടിടങ്ങൾ ഉണ്ടാക്കുന്നതിന് ധനസഹായമില്ല. നമ്മൾ അതിന്റെ പരിധിയിൽ ഇതിനെ ഉൾപ്പെടുത്തിയിട്ടില്ല. അതിനാൽ ബഡ്ജറ്റ് വിഹിതംകൂട്ടി ഗ്രാമീണ് മേഖലയിലുള്ള ക്ലബ്ബുകളുടെ നിർമ്മാണത്തിനാവശ്യമായ സാമ്പത്തിക സഹായം നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. വി. സുരേന്ദ്രൻ പിള്ള : സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 141 ക്ലബ്ബുകൾക്കാണ് 2009-10 സാമ്പത്തിക വർഷം ധനസഹായം നൽകിയിട്ടുള്ളത്. ഇതിനായി 16,30,000 രൂപ അനുവദിച്ച് കൊടുത്തിട്ടുണ്ട്. അത് പോരാ, വളരെ കുറവാണ്. ശ്രീ. അനിൽ കുമാർ സൂചിപ്പിച്ചതുപോലെ ധാരാളം ക്ലബ്ബുകൾ നമ്മുടെ സഹായം ആഗ്രഹിക്കുന്നു, അവരുടെ ആഗ്രഹത്തിന് അനുസരിച്ച് ധനസഹായം കൊടുക്കാൻ കഴിയുന്നില്ല. ഫണ്ടിന്റെ availability അനുസരിച്ച് കൊടുക്കുന്നതാണ്.

ശ്രീ. എ. സി. മൊയ്തീൻ : സർ, പഞ്ചായത്തുകളിൽ യൂത്ത് കോ-ഓർഡിനേറ്റർമാരെ നിയമിച്ചിട്ടുണ്ടെന്ന് അങ്ങ് സൂചിപ്പിക്കുകയുണ്ടായി. ഈ യൂത്ത് കോ-ഓർഡിനേറ്റർമാർക്ക് സർക്കാർ വിശദീകരിച്ച ഈ പ്രവർത്തനങ്ങളിൽ എന്തെങ്കിലും പ്രത്യേക പരിശീലനം നൽകുന്നുണ്ടോ ; ഇവർക്ക് തുച്ഛമായ ഓണറേറിയമാണ് നൽകുന്നത്. അത് വർദ്ധിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. വി. സുരേന്ദ്രൻ പിള്ള : സർ, ഓണറേറിയം വർദ്ധിപ്പിക്കുന്ന കാര്യം വലിയൊരു ആവശ്യമായി നമ്മുടെ സമൂഹത്തിൽ നിലനിൽക്കുകയാണ്. യൂത്ത് വെൽഫെയർ ബോർഡും ഗവൺമെന്റും ഇതുവരെ ആ കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല. അത് വർദ്ധിപ്പിക്കേണ്ടത് ഒരു ആവശ്യം തന്നെയാണ്. കാരണം അവർ ചെറിയ ഓണറേറിയത്തിലാണ് ജോലി ചെയ്യുന്നത്.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സർ, നമ്മുടെ സംസ്ഥാനത്ത് തൊഴിലില്ലായ്മ അതിരൂക്ഷമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. 2005-06-ൽ തൊഴിലില്ലാത്തവർ 33 ലക്ഷമായിരുന്നത് ഇപ്പോൾ 46 ലക്ഷമായി വർദ്ധിച്ചിരിക്കുകയാണ്. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മയാണ് നമ്മുടെ നാട്ടിൽ രൂക്ഷമായി വരുന്നത്. പരമ്പരാഗത തൊഴിലുകൾ ഉപയോഗപ്പെടുത്താൻ അവർക്ക് പറ്റുന്നില്ല. അപ്പോൾ ആധുനിക ജോബ് മാർക്കറ്റിലെ opportunities

LIBRARY ARCHIVES Kerala Legislative Assembly

Page 6 of 10

ഉപയോഗിക്കാനാവശ്യമായ modern skill ഇവർക്ക് ആവശ്യമാണ്. ആ സ്കിൽ നൽകുവാനുള്ള നടപടികളുമുണ്ടാകണം. നാഷണൽ സ്കിൽ ഡെവലപ്മെന്റ് മിഷൻ ഒരുപാട് പദ്ധതികൾ ആവിഷ്ക്കരിക്കുന്നുണ്ട്. കേരളത്തിൽനിന്ന് എൻ.ജി.ഒ. മുഖേന അധികം പ്രൊപ്പോസൽ പോയിട്ടില്ലെന്നാണ് അന്വേഷിച്ചപ്പോൾ മനസ്സിലായത്. എന്റെ മണ്ഡലത്തിലെ ഒരു പ്രൊപ്പോസലുമായി ഞാൻ പോയിരുന്നു. "പുര" എന്നുപറയുന്ന പദ്ധതി, Providing Urban Infrastructure കേരളത്തിലെ രണ്ട് പഞ്ചായത്തുകൾക്കാണ് കിട്ടിയത്. അതിൽ സ്കിൽ ഡെവലപ്മെന്റ് പ്രധാനപ്പെട്ടതാണ്. അതുമായി ബന്ധപ്പെട്ട് ഡൽഹിയിൽ അന്വേഷിച്ചപ്പോൾ പ്രൊപ്പോസൽ പോയിട്ടില്ലായെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്.

ശ്രീ. വി. സുരേന്ദ്രൻ പിള്ള : സർ, അങ്ങ് സൂചിപ്പിച്ച ജോബ് രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള കാര്യങ്ങൾ ജാലകം പദ്ധതിയിൽതന്നെ രൂപകൽപ്പന ചെയ്തിട്ടുണ്ട്. അതിന് പ്രത്യേകമായി ഒരു വെബ്സൈറ്റ് തന്നെ ഓപ്പൺ ചെയ്തിട്ടുണ്ട്. www.jalakam.in. അതാണ് അതിന്റെ വെബ്സൈറ്റ്. ഇതിനകത്ത് ഇന്റർനെറ്റ് സൗകര്യം, ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, ഇൻഫർമേഷൻ സെന്റർ, ജോബ് രജിസ്ട്രേഷൻ മുതലായ എല്ലാ സൗകര്യങ്ങളുമുണ്ട്. അതായത് സംസ്ഥാനത്ത് എവിടെയുമുള്ള തൊഴിലവസരങ്ങൾ ഇതുവഴി ലഭ്യമാക്കാൻ കഴിയും.

ശ്രീ. രാജാജി മാത്യു തോമസ് : സർ, കായികാദ്ധ്വാനം ഏറെ ആവശ്യമുള്ള കാർഷിക രംഗത്തേക്ക് കടന്നുവരാൻ ചെറുപ്പക്കാർ പൊതുവേ വിമുഖത കാണിക്കുന്നുണ്ട്. എന്നാൽ ഇതിനൊരു പരിഹാരമെന്നുള്ള നിലയ്ക്ക് യന്ത്രങ്ങൾ ഉപയോഗിച്ച് കാർഷിക മേഖലയിൽ നല്ല വേതനവും സേവന വ്യവസ്ഥകളും തൊഴിലും വികസിപ്പിച്ചെടുക്കാൻ കാർഷിക സർവ്വകലാശാല Food Security Army എന്നൊരു സംവിധാനത്തിന് രൂപം കൊടുത്തിട്ടുണ്ട്. യൂത്ത് ക്ലബ്ബുകളുടെ പ്രവർത്തനവും Food Security Army-യുടെ പ്രവർത്തനവും സംയോജിപ്പിച്ച് ആവശ്യമായ സഹായം നൽകി ചെറുപ്പക്കാരെ കാർഷിക മേഖലയിലേക്ക് ആകർഷിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. വി. സുരേന്ദ്രൻ പിള്ള : സർ, ഏറ്റവും നല്ല ഒരു പദ്ധതിയാണ് Food Security-യുമായി ബന്ധപ്പെടുത്തി യുവാക്കൾക്കും യുവതികൾക്കും പരിശീലനം കൊടുക്കുകയും അവബോധമുണ്ടാക്കുകയും ചെയ്യുന്നത്.

ശ്രീ. മോൻസ് ജോസഫ് : സർ, നമ്മുടെ സംസ്ഥാനത്ത് യുവജനങ്ങൾക്ക് തൊഴിൽ നൽകുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ ഏറ്റവും ഫലപ്രദമായി വിനിയോഗിക്കേണ്ട ഒരു സമിതിയാണ് യുവജനക്ഷേമ ബോർഡ്. പക്ഷേ നിർഭാഗ്യവശാൽ ഒരു അഡ്വൈസറി ബോർഡുപോലെയോ ഇൻഫർമേഷൻ ബ്യൂറോ പോലെയോ ഒക്കെയുള്ള സാധാരണ നടപടിക്രമം മാത്രമായി പോകാനിടവരികയാണ്. ഇതിനൊരു മാറ്റമുണ്ടാക്കാൻ വേണ്ടിയാണ് അങ്ങ് യുവജനക്ഷേമ മന്ത്രിയായിരുന്ന കാലഘട്ടത്തിൽ ശ്രീ. എം. കെ. മുനീർ, ശ്രീ. കെ.സി. വേണുഗോപാൽ, ശ്രീ. എം. നാരായണൻ, ശ്രീ. എ. പ്രദീപ്കുമാർ എന്നിവരെ ഉൾപ്പെടുത്തി ഒരു സമിതി രൂപീകരിച്ചത്. ഞാനും ആ സമിതിയിൽ

LIBRARY ARCHIVES Kerala Legislative Assembly

അംഗമായിരുന്നു. അങ്ങ് മന്ത്രിയെന്നുള്ള നിലയിൽ നിർദ്ദേശിച്ച പ്രകാരമാണ് സമിതി രൂപീകരിച്ചത്. ഇവിടെവച്ച ഏറ്റവും പ്രധാനപ്പെട്ട നിർദ്ദേശം ഈ യുവജനക്ഷേമ ബോർഡിന് കൂടുതൽ സാമ്പത്തിക അധികാരങ്ങൾ കൊടുത്തു കൊണ്ട് തൊഴിലില്ലായ്മ പരിഹരിക്കുന്നതിനടക്കം യുവജനങ്ങൾക്ക് നേരിട്ട് പ്രയോജനം കിട്ടുന്ന വിധത്തിൽ, അവരെ സഹായിക്കാൻ കഴിയുന്ന വിധത്തിൽ യുവജനക്ഷേമ ബോർഡിനെ നവീകരിക്കുക എന്നുള്ളതാണ്. ഇത്തരം പ്രവർത്തനത്തിലേക്ക് വരാൻ കഴിഞ്ഞിട്ടുണ്ടോ ?

ശ്രീ. വി. സുരേന്ദ്രൻ പിള്ള : സർ, ഈ രംഗത്ത് ഇപ്പോൾ യൂത്ത് വെൽഫയർ ബോർഡ് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വലിയൊരു മുന്നേറ്റമാണ് ഉണ്ടാക്കിയിട്ടുള്ളത്. യുവജനങ്ങൾക്കിടയിലുള്ള എല്ലാത്തരം പ്രയാസങ്ങളും പരിഹരിക്കാൻ മുൻ എം. പി. ശ്രീ. സെബാസ്റ്റ്യൻ പോൾ ചെയർമാനായി വിവിധ മേഖലകളിലെ പ്രാഗൽഭ്യമുള്ള ആളുകളെ ഉൾപ്പെടുത്തിക്കൊണ്ട് യൂത്ത് കമ്മീഷൻ രൂപീകരിക്കുന്നതിന് ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ആ യൂത്ത് കമ്മീഷൻ പ്രാവർത്തികമായാൽ എല്ലാ പ്രശ്നങ്ങളും പഠിക്കുകയും അത് പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഗവൺമെന്റിന് സമർപ്പിക്കുകയും ചെയ്യുന്നതാണ്.

ശ്രീ. ബാബു എം. പാലിശ്ശേരി : സർ, യുവജനമെന്ന് പറയുന്നതിന് പ്രായപരിധി എത്രയാണ് ? പല യുവജന സംഘടനകളിലും പ്രായപരിധി 35-ഉം 40-ഉം ഒക്കെ കഴിഞ്ഞ ചില നേതാക്കൻമാരെ കാണുന്നുണ്ട്. യുവജനമെന്ന് പറയുമ്പോൾ സർക്കാരിന്റെ വിവക്ഷ എന്താണ്; പ്രായപരിധി എത്രയാണ് ?

ശ്രീ. വി. സുരേന്ദ്രൻ പിള്ള : സർ, 15-നും 35-നുമിടയിലുള്ള ആളുകളെയാണ് യുവാക്കളെന്ന് തീരുമാനിച്ചിരിക്കുന്നത്.

മി. സ്പീക്കർ : 40 വരെ.....

ശ്രീ. വി. സുരേന്ദ്രൻ പിള്ള : സർ, 40 വരെയാക്കുന്നത് പരിഗണിക്കാം.

ശ്രീ. വർക്കല കഹാർ : സർ, എന്ത് ചോദിച്ചാലും തുടങ്ങുന്നത് വാസ്കോഡഗാമയെ കൊണ്ടുവന്നത് ഞങ്ങളാണെന്ന് പറഞ്ഞുകൊണ്ടാണ്. നമ്മുടെ നാട്ടിലെ യുവജനങ്ങൾ ഒരു കാലത്തുമില്ലാത്ത രീതിയിൽ അനഭിലഷണീയമായ രംഗങ്ങളിൽ പോകുന്ന കാലമാണ്. മുമ്പാണെങ്കിൽ വന്നിച്ച സാംസ്ക്കാരിക പ്രസ്ഥാനങ്ങൾ ഈ യുവജന രംഗത്തുണ്ടായിരുന്നു. യൂത്ത് ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽത്തന്നെ ക്രിയാത്മകമായി അവരെ നേർവഴിയിൽ നയിക്കാൻ നമുക്ക് എന്തുചെയ്യാൻ സാധിക്കും ?

ശ്രീ. വി. സുരേന്ദ്രൻ പിള്ള : സർ, ഒരുപാട് പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. ഇപ്പോഴും സംഘടിപ്പിച്ചുകൊണ്ടിരിക്കുന്നു. ജോലി ലഭിക്കുന്നതിനാവശ്യമായ ജോബ് ഫെയർവെൽ സംഘടിപ്പിക്കുന്നത് യുവാക്കൾക്കും യുവതികൾക്കും വേണ്ടിയാണ്. അഭ്യസ്തവിദ്യരായ ആളുകളുടെ ഇടയിലുള്ള തൊഴിലില്ലായ്മയ്ക്ക് കുറെയെങ്കിലും ശാശ്വതമായ പരിഹാരം ഉണ്ടാകുമെന്ന് കരുതിയാണ് അത്തരം തൊഴിൽ മേളകൾ സംഘടിപ്പിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

Page 8 of 10

ശ്രീ. പി. വിശ്വൻ : സർ, യുവജനങ്ങൾ ഗുരുതരമായ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. മയക്കുമരുന്ന്, മദ്യം അതുപോലെയുള്ള നിരവധി വിഷയങ്ങൾ.... മാത്രമല്ല, യഥാർത്ഥ പ്രണയങ്ങൾപോലും ഇന്ന് യുവത്വത്തിൽ ഇല്ല. പ്രണയങ്ങളില്ല, സർഗ്ഗാത്മകതകളില്ല. യുവത്വം ആ രൂപത്തിൽ തകർന്നു കൊണ്ടിരിക്കുന്നു. അതിനൊരു മാറ്റം വരുത്താൻ സാമൂഹ്യ മാറ്റത്തിന് ഏറ്റവും കൂടുതൽ പ്രോത്സാഹനം കൊടുത്ത മാർക്സിസ ലെനിനിസത്തെ വിപുലപ്പെടുത്താൻ ഓരോ പഞ്ചായത്തുകളിലും അതിനുപറ്റിയ യൂത്ത് ക്ലബ്ബുകൾ രൂപപ്പെടുത്തണം.

മി. സ്പീക്കർ : ശ്രീ. പി. വിശ്വനെ ഇതിന്റെ ട്രെയിനറാക്കി മാറ്റാം.

ശ്രീ. വി. സുരേന്ദ്രൻ പിള്ള : സർ, ശ്രീ. പി. വിശ്വൻ നിർദ്ദേശിച്ചത്..... എല്ലാ പഞ്ചായത്തിലും യൂത്ത് ക്ലബ്ബുകളുണ്ട്. പക്ഷേ അവിടെ ഇത്തരത്തിലുള്ള പ്രണയങ്ങൾക്ക് പ്രോത്സാഹനം കൊടുക്കാനുള്ള ഒരു സംവിധാനമില്ല.

ശ്രീ. എം. വി. ശ്രേയാംസ് കുമാർ : സർ, നമ്മുടെ നാട്ടിലെ ഏറ്റവും വലിയ പ്രശ്നം പാരിസ്ഥിതിക പ്രശ്നമാണ്. ഈ മേഖലയിൽ യുവ ജനങ്ങളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുകയെന്നത് യുവജനക്ഷേമ ബോർഡിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്നാണ്. ഇതിന് എത്രത്തോളം പുരോഗതി കൈവരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ശ്രീ. വി. സുരേന്ദ്രൻ പിള്ള : സർ, നമ്മുടെ സംസ്ഥാനത്ത് പലപ്പോഴും പല രീതിയിൽ പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. യുവാക്കൾക്കും യുവതികൾക്കും അല്ലെങ്കിൽ നമ്മുടെ യുവജനങ്ങൾക്ക് അത് പരിഹരിക്കാനുള്ള ചില awareness ക്യാമ്പുകളും മറ്റും കൊടുത്തിട്ടുണ്ട്. അത് കുറച്ചുകൂടി വിപുലമാക്കി നടത്തുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കുന്നതാണ്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : സർ, യുവജനങ്ങളുടെ സാമൂഹികവും സാംസ്ക്കാരികവുമായ ശേഷി വർദ്ധിപ്പിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും വേണ്ടിയാണ് യൂത്ത് ക്ലബ്ബുകൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. യുവജനക്ഷേമ ബോർഡിൽ നമ്മുടെ സംസ്ഥാനത്തെ യൂത്ത് ക്ലബ്ബുകൾ മാത്രമേ രജിസ്റ്റർ ചെയ്തിട്ടുള്ളൂ. അതേസമയം മലയാളി ചെറുപ്പക്കാരുടെ സാമൂഹികവും സാംസ്ക്കാരികമായ അഭിവൃദ്ധിക്കുവേണ്ടി പ്രവർത്തിക്കുന്ന നിരവധി സംഘടനകൾ സംസ്ഥാനത്തിന് പുറത്തും രാജ്യത്തിന് പുറത്തുമുണ്ട്. പ്രത്യേകിച്ച് മറുനാടൻ മലയാളി സാംസ്ക്കാരിക പ്രസ്ഥാനങ്ങൾ, ഗൾഫിലെ മലയാളി സാംസ്ക്കാരിക സംഘടനകൾ എന്നിവയെല്ലാം സാമൂഹ്യപ്രവർത്തനം നടത്തുന്നവയാണ്. അത്തരം സംഘടനകൾകൂടി രജിസ്റ്റർ ചെയ്യുന്നതിന് യുവജനക്ഷേമ ബോർഡ് തയ്യാറാകുമോ ?

ശ്രീ. വി. സുരേന്ദ്രൻ പിള്ള : സർ, മറുനാടൻ മലയാളികളിൽനിന്നും അതുപോലെതന്നെ വിദേശങ്ങളിൽ പ്രവർത്തിക്കുന്ന മലയാളി സംഘടനകളിൽ നിന്നുമെല്ലാം ഇതുപോലെയുള്ള enquiries വന്നിട്ടുണ്ട്. ഡൽഹിയിൽ യൂത്ത് വെൽഫെയറിന്റെ ധനസഹായത്തോടുകൂടി ഡൽഹി മലയാളികളുടെ മേള സംഘടിപ്പിച്ചു. മുംബൈയിലെ മലയാളികൾ അത്തരത്തിലൊരു മേള സംഘടിപ്പിക്കണമെന്നുള്ള ആവശ്യവുമായി വന്നിട്ടുണ്ട്. അതും പരിശോധിച്ചു വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

Page 9 of 10

ശ്രീ. എം. മുരളി : സർ, തൊഴിലില്ലായ്മ ഉണ്ടെങ്കിലും തൊഴിലെടുക്കുന്നതിന് ആളെ കിട്ടാതെ നമ്മുടെ സംസ്ഥാനത്തെ പല തൊഴിൽ രംഗവും സ്തംഭിച്ചിരിക്കുകയാണ്. അതുകൊണ്ട് ഈ ക്ലബ്ബുകളെ ശക്തിപ്പെടുത്തുന്നതോടൊപ്പം താലൂക്ക് തലത്തിൽ ഓരോ ആസ്ഥാനങ്ങൾ കേന്ദ്രീകരിച്ചുകൊണ്ട് യുവകർമ്മ സേന വിപുലമായി സംഘടിപ്പിക്കണം.

ശ്രീ. വി. സുരേന്ദ്രൻ പിള്ള : സർ, പഞ്ചായത്ത് തലങ്ങളിൽതന്നെ ഇപ്പോൾ യൂത്ത് സെന്ററുകളും യുവകർമ്മസേനയും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അത് ബഹുമാനപ്പെട്ട എം. മുരളി പറഞ്ഞതുപോലെ മറ്റ് തലങ്ങളിലേക്ക് co-ordinate ചെയ്ത് വ്യാപിപ്പിക്കുന്നതാണ്.

ശ്രീ. വി. ശിവൻകുട്ടി : സർ, ഇവിടെ അങ്ങ് ചൂമതലയെടുത്തതിനുശേഷം യൂത്ത് ക്ലബ്ബുകളുടെ പ്രവർത്തനം ശക്തിപ്പെട്ടിട്ടുണ്ട്. നമുക്കൊരു സത്യം അറിയാവുന്നത്, കാര്യമായ പ്രവർത്തനം നടത്തുന്നതിന് സാമ്പത്തിക പ്രശ്നമുള്ളതുകൊണ്ടും പ്ലാൻ ഫണ്ടിന്റെ 40 ശതമാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൊടുക്കുന്നതുകൊണ്ടും നിർബന്ധമായി ഒരു പഞ്ചായത്ത് വാർഡിൽ ഒരു യൂത്ത് ക്ലബും പ്രോജക്ടും ഉണ്ടാക്കണമെന്നുള്ള നിർദ്ദേശം കൊടുത്താൽ ഇതിന്റെ പ്രവർത്തനം കുറച്ചുകൂടി ശക്തമായി മുന്നോട്ടു കൊണ്ടുപോകാൻ കഴിയും. അതിന് തയ്യാറാകുമോ ?

ശ്രീ. വി. സുരേന്ദ്രൻ പിള്ള : സർ, പഞ്ചായത്തുകളിൽ പദ്ധതി രൂപീകരിക്കുമ്പോൾ പ്ലാൻ ഫണ്ടുതന്നെ ഉപയോഗിച്ച് യുവാക്കൾക്കുവേണ്ടി അല്ലെങ്കിൽ യുവജനങ്ങൾക്കുവേണ്ടി ഒരു പ്രോജക്ട് ഉണ്ടാക്കണമെന്ന് പഞ്ചായത്തുകളും തീരുമാനിക്കണം. അതനുസരിച്ച് പ്ലാൻ ഫണ്ട് വിനിയോഗിക്കുന്നതാണ്.

ശ്രീ. റോഷി അഗസ്റ്റിൻ : സർ, യൂത്ത് ക്ലബ്ബുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ ഒട്ടേറെ പദ്ധതികൾ നമ്മൾ ഇവിടെ സ്വീകരിച്ചിട്ടുണ്ട്. അവ യുവജനക്ഷേമ ബോർഡുവഴി നടപ്പാക്കാൻ ഉദ്ദേശിക്കുന്നതായി ഇവിടെ പറഞ്ഞു. സാധാരണ നമ്മുടെ ഗ്രാമപ്രദേശങ്ങളിൽ യൂത്ത് ക്ലബ്ബുകളുടെ പ്രവർത്തനം, പ്രത്യേകിച്ച് അവിടത്തെ കായികക്ഷമത, അവർക്ക് ഒരു കളിസ്ഥലം, ഒരു വോളീബാൾ കോർട്ട് എങ്കിലും വേണമെന്ന് ആഗ്രഹമുണ്ടെങ്കിലും ആ സ്ഥലം ലഭ്യമാക്കാൻ കഴിയുന്നില്ല. എം.എൽ.എ. ഫണ്ടിൽ നിന്നും എം. പി. ഫണ്ടിൽ നിന്നും ക്ലബ്ബുകൾക്ക് കാശ് കൊടുത്ത് കെട്ടിടം പണിയാൻ കഴിയുമെങ്കിൽ പോലും സ്ഥലം വാങ്ങിക്കാൻ നിർവ്വാഹമില്ലാത്ത സ്ഥിതിയുണ്ട്. പഞ്ചായത്ത് പ്രോജക്ടുകളൊക്കെ വച്ച് വാങ്ങിക്കാൻ കഴിയുമെന്നുണ്ടെങ്കിൽപോലും അത് നടപ്പിലാക്കാൻ കഴിയുന്നില്ല. അത്തരം കാര്യങ്ങളിൽ ഗ്രാമപ്രദേശങ്ങളിലെ യുവജനങ്ങളുടെ കായികക്ഷമത വർദ്ധിപ്പിക്കാൻ ഉതകുന്ന തരത്തിലുള്ള നടപടിയുണ്ടാകുമോ ?

ശ്രീ. വി. സുരേന്ദ്രൻ പിള്ള : സർ, പരിമിതമായ പ്ലാൻ ഫണ്ടാണ് ഈ മേഖലയ്ക്കുള്ളത്. സ്പോർട്സ് മേഖലയുടെ കാര്യം സ്പോർട്സ് വകുപ്പുമായി ബന്ധപ്പെട്ട് ആലോചിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

Page 10 of 10

ശ്രീമതി ഇ. എസ്. ബിജി മോൾ : സർ, യുവാക്കളിലെ സാഹസികത വളർത്തുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ അങ്ങയുടെ ഉത്തരത്തിൽ വന്നു. പാരാഗ്ലൈഡിംഗ്, റോപ്പ്ക്ലൈമ്പിംഗ് തുടങ്ങി അനവധി പ്രയോഗങ്ങളുണ്ട്. വാഗമണ്ണിൽ ഇന്റർനാഷണൽ പാരാഗ്ലൈഡിംഗ് ഫെസ്റ്റ് നടക്കുന്നുണ്ട്. ഇതിന്റെ ഭാഗമായിട്ട് ഒരു യൂത്ത് പാരാ ഗ്ലൈഡിംഗ് ക്ലബ്ബ് ഉണ്ടാക്കുമോ ?

ശ്രീ. വി. സുരേന്ദ്രൻ പിള്ള : സർ, അത് ആലോചിക്കാവുന്ന വിഷയമാണ്. വാഗമൺ അതിന് പറ്റിയ സ്ഥലമാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ് : സർ, യുവാക്കളുടെ തൊഴിലില്ലായ്മ പോലെതന്നെയാണ് തൊഴിൽ അറിയായ്മ ഒരു വലിയ പ്രശ്നമാണ്. പുതിയ കാലത്തെ തൊഴിൽ അവസരങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മ പുതിയ തലമുറയ്ക്കുണ്ട് എന്നുള്ളത് ഒരു പ്രശ്നമാണ്. ജാലകം പോലുള്ള പദ്ധതികളെക്കുറിച്ച് യുവാക്കളിൽ അവബോധം ഉണ്ടാക്കുന്നതിനുള്ള പുതിയ കർമ്മ പരിപാടികൾ ആവിഷ്ക്കരിക്കുമോ ?

ശ്രീ. വി. സുരേന്ദ്രൻ പിള്ള : സർ, അത് പഠന കാലയളവിൽതന്നെ അവർക്ക് കിട്ടേണ്ട ചില അറിവുകളാണ്. അത് കിട്ടാതെ വന്നാൽ പിന്നെ ഒന്നും ചെയ്യാൻ സാധിക്കുകയില്ല. പക്ഷേ പഠിച്ച്, വിദ്യാഭ്യാസം ഏകദേശം പൂർത്തിയാക്കി നിൽക്കുന്നവരുടെ പ്രശ്നങ്ങൾക്കാണ് യൂത്ത് വെൽഫെയർ ബോർഡ് മുൻതൂക്കം കൊടുക്കുന്നത്.

ശ്രീ. വി. കൃഷ്ണപ്രസാദ് : സർ, കഴിഞ്ഞ ഇരുപത് വർഷക്കാലമായ നവ ഉദാരവത്ക്കരണ കാലഘട്ടത്തിൽ യുവാക്കൾക്കിടയിൽ വ്യാപകമായി കരിയറിസവും അരാഷ്ട്രീയതയുമെല്ലാം വ്യാപിച്ചുകൊണ്ടിരിക്കുകയാണ്. നമ്മുടെ നാട്ടിൽ അധികാരത്തിനുവേണ്ടി തത്വാധിഷ്ഠിത നിലപാടുകളെയും മാനവിക മൂല്യങ്ങളെയും തളളിപ്പറയാൻ നമ്മുടെ നാട്ടിലെ മുഖ്യധാരാ രാഷ്ട്രീയ പാർട്ടികളും നേതാക്കളും മാധ്യമങ്ങളുമെല്ലാം തയ്യാറാകുന്ന ഒരു കറുത്ത കാലഘട്ടമാണ് ഇത്. അതിനെതിരെ നീങ്ങാനും നാടിനു മുതൽക്കൂട്ടായി പ്രവർത്തിക്കാനും യുവജനങ്ങളെ പ്രാപ്തരാക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. വി. സുരേന്ദ്രൻ പിള്ള : സർ, യുവജനങ്ങളിൽ നല്ല ഒരു ദിശാബോധത്തോടുകൂടിയ ജീവിതരീതിയുണ്ടാക്കുന്നതിന് വേണ്ടിയാണ് യൂത്ത് വെൽഫെയർ ബോർഡ് നിലവിൽ വന്നത്. നാടിനും രാജ്യത്തിനും മുതൽക്കൂട്ടുണ്ടാക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ യുവജനങ്ങളിൽ നിന്നും ഉണ്ടാകണം. അതാണ് രാജ്യം പ്രതീക്ഷിക്കുന്നത്, നാട് പ്രതീക്ഷിക്കുന്നത്.

നികുതി വകുപ്പിൽ നടപ്പിലാക്കിയ ഭരണ നവീകരണ പ്രവർത്തനങ്ങൾ

3 (*303) ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. ടി. വി. കുഞ്ഞുണ്ണി :
ശ്രീ. കെ. സി. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നികുതി വകുപ്പിൽ നടപ്പിലാക്കിയ ഭരണ നവീകരണ പ്രവർത്തനങ്ങൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly